പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **2464**

**19.06.2013** ൽ മറുപടിക്ക്

**വൈപ്പിൻ മണ്ഡലത്തിൽ കൽച്ചിറ കെട്ടി കായലോരപ്രദേശങ്ങൾ ഉയർത്തുന്നതിന് നടപടി**

| | ചോദ്യം<br>ശ്രീ.എസ്.ശർമ്മ | | മറുപടി<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവവകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കടൽ, കായൽ, തോടുകൾ എന്നിവയ്ക്കു സമീപം താമസിക്കുന്ന വൈപ്പിൻ മണ്ഡലത്തിലെ ദ്വീപു നിവാസികളുടെ താമസസ്ഥലം രൂക്ഷമായ വെള്ളക്കെട്ടുമൂലം വാസയോഗ്യമല്ലാതാകുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വേലിയേറ്റം മൂലവും മറ്റും ഇത്തരത്തിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിന് കൽച്ചിറ കെട്ടി കായലോര പ്രദേശങ്ങൾ ഉയർത്തുന്നതിന് എത്ര അപേക്ഷകളാണ് വൈപ്പിൻ മണ്ഡലത്തിൽ നിന്നും ലഭിച്ചതെന്നും ഇതിൻമേൽ സ്വീകരിച്ച നടപടിയെന്തെന്നും. എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ? | (ബി) | എറണാകുളം ജില്ലയിലെ വൈപ്പിൻ മണ്ഡലത്തിൽ ഉൾപ്പെടുന്ന ഞാറക്കൽ പഞ്ചായത്ത് 31.05.2013-ാം തീയതിയിലെ പ്രമേയം അനുസരിച്ച് സംരക്ഷണ ഭിത്തി (കൽച്ചിറ) പണിയുന്നതിനായി (Side Protection of East Appangad thodu at Njarakkal in Vypin Island) 11.80 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് വകുപ്പ് തലത്തിൽ തയ്യാറാക്കിയിട്ടുണ്ട്. 27.04.2011-ാം തീയതിയിലെ ചേരുമംഗലം ഗ്രാമപഞ്ചായത്തിന്റെ VII (19)-ാം നമ്പർ തീരുമാന പ്രകാരം പറവൂർ-വൈപ്പിൻ മുനമ്പം തീരദേശമേഖലയിലെ രൂക്ഷമായ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി കോട്ടയിൽ കോവിലകം - മാളവന റെഗുലേറ്റർ -കം-ബ്രിഡ്ജ് നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം ലഭിച്ചിട്ടുണ്ട്. അതിന്മേലുള്ള തുടർനടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചു വരുന്നു. കൽച്ചിറഭിത്തി (സംരക്ഷണഭിത്തി) പണിയുന്നതിനുള്ള 35 അപേക്ഷകൾ വകുപ്പ്തലത്തിൽ ലഭിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ പ്രാധാന്യവും അനുസരിച്ചു മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ